ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.02.2025**

## പ്രധാനവാർത്തകൾ

1. **ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്ന പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം.**

2. **2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ മറ്റന്നാൾ നിയമസഭയിൽ അവതരിപ്പിക്കും. പ്രതീക്ഷയോടെ കേരളം.**

3. **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ ഭേദപ്പെട്ട പോളിങ്. വൈകുന്നേരം 5 മണി വരെ 57.7 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി.**

4. **സിപിഎമ്മുമായുള്ള ഭിന്നതയെ തുടർന്ന് കൊല്ലം കോർപറേഷൻ ഡെപ്യൂട്ടി മേയർ സ്ഥാനം സിപിഐ രാജിവച്ചു.**

5. **38 -ാമത് ദേശീയ ഗെയിംസിൽ ഒൻപത് സ്വർണവുമായി കേരളം മികച്ച നിലയിൽ. ഗെയിംസിൽ ആധിപത്യം തുടർന്ന് കർണാടക.**

6. **സംസ്ഥാനത്ത് ഇന്നും നാളെയും താപനില 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത. കേരള തീരത്ത് ഇന്നും നാളെയും ഉയർന്ന തിരമാലകൾക്ക് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം.**

***************************************

## ലോകബാങ്ക് - മന്ത്രിസഭ

ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്ന പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. 2424.28 കോടി രൂപ ലോകബാങ്കിൽ നിന്നും വായ്പ സ്വീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഉയർന്ന ജീവിത നിലവാരം, ആയുർദൈർഘ്യം എന്നിവ ഉറപ്പ് വരുത്തുന്നതിനും, തടയാവുന്ന രോഗങ്ങൾ, അപകടങ്ങൾ, അകാല മരണം എന്നിവയിൽ നിന്ന് മുക്തമായ ജീവിതം കെട്ടിപ്പെടുക്കുന്നതിനും ജനങ്ങളെ സഹായിക്കുകയാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള ഭീഷണികളോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും, കേരളത്തിലെ ആരോഗ്യ വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതി സഹായിക്കും.

RNU TVPM

***********************************

## മന്ത്രിസഭാ 2

കേരള വ്യവസായ നയം 2023ൻറെ ഭാഗമായി നിർമ്മാണ യൂണിറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കി നൽകാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അനുമതി നൽകി. നിർമ്മാണ യൂണിറ്റുകൾ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് വ്യവസായ വകുപ്പ് ഉറപ്പു വരുത്തണമെന്ന് വ്യവസ്ഥയ്ക്ക് വിധേയമായാണ് തീരുമാനം. എടപ്പറമ്പ - കോളിച്ചാൽ മലയോര ഹൈവേയുടെ പരിഹാര വനവൽക്കരണത്തിന് 4 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറാനും മന്ത്രിസഭ തീരുമാനിച്ചു.

***********************************

## മുഖ്യമന്ത്രി - ഇൻട്രോ

തടവുകാരോട് ജയിൽ ഉദ്യോഗസ്ഥർ മനുഷ്യത്വപൂർവ്വം പെരുമാറണമെന്നും, ഇവരെ മെച്ചപ്പെട്ട മനുഷ്യരാക്കി മാറ്റിയെടുക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. പരിഷ്കൃതമായ ജയിലുകളാണ് കേരളത്തിൽ ഉള്ളതെന്നും, തിരുവനന്തപുരത്ത്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 46-ാമത് പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. കേരളമാണ് രാജ്യത്ത് ജയിൽ പരിഷ്കരണത്തിന് തുടക്കം കുറിച്ച സംസ്ഥാനമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************************************

## സംസ്ഥാന ബജറ്റ്

2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ മറ്റന്നാൾ നിയമസഭയിൽ അവതരിപ്പിക്കും. ഏറെ പ്രതീക്ഷയോടെയാണ് കേരളം ബജറ്റിനെ ഉറ്റുനോക്കുന്നത്. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന എന്നിവയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ മാസം 10 മുതൽ 13 വരെ ബജറ്റിന്മേലുള്ള ചർച്ച നടക്കും. ബജറ്റ് സമ്മേളനത്തിൻറെ ആദ്യഘട്ടം നന്ദിപ്രമേയ ചർച്ചകൾ പൂർത്തിയാക്കി ജനുവരി 23ന് അവസാനിച്ചിരുന്നു.

*************************************

RNU TVPM

## ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ, ഇന്ന് വൈകുന്നേരം 5 മണി വരെയുള്ള കണക്കുകൾ പ്രകാരം 57.7 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. വോട്ടെടുപ്പിനുള്ള ഔദ്യോഗിക സമയം ആറ് മണിക്ക് അവസാനിച്ചു. കനത്ത സുരക്ഷാ ക്രമീകരണങ്ങൾക്കിടയിലാണ് വോട്ടെടുപ്പ് നടന്നത്. 70 മണ്ഡലങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ശനിയാഴ്ചയാണ്.

***************************************

## ഓപ്പൺ എ ഐ

RNU TVPM

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഓപ്പൺ എ ഐ CEO സാം ആൾട്ട്മാനുമായി കൂടിക്കാഴ്ച നടത്തി. നിർമിതബുദ്ധി സംവിധാനങ്ങളുടെ വികസനത്തിനുള്ള സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ, എന്നിവയുടെ ശേഖരമായ AI സ്റ്റാക്ക്സംബന്ധിച്ച് ആൾട്ട്മാനുമായി വിശദമായ ചർച്ച നടത്തിയതായി മന്ത്രി വ്യക്തമാക്കി. സാങ്കേതികവിദ്യയെ ജനാധിപത്യവൽക്കരിക്കുകയാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

***************************************

## ദേശീയ ഗെയിംസ്

38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഒൻപതാം സ്വർണം. വനിതകളുടെ COXLESS-4 തുഴച്ചിലിലാണ് കേരളം ഇന്ന് സ്വർണം നേടിയത്. വനിതകളുടെ ഡബിൾസ് സ്കൽ ഇനത്തിലും, COXLESS പെയർ ഇനത്തിലും വെള്ളിയും സ്കൽ ക്വാട്രപ്പിൾ ഇനത്തിൽ വെങ്കലവും കേരളമിന്ന്

സ്വന്തമാക്കിയിട്ടുണ്ട്. ഫുട്ബോൾ പുരുഷ വിഭാഗത്തിൽ കേരളാ ടീം ഫൈനലിൽ കടന്നു. 9 സ്വർണവും 9 വെള്ളിയും 6 വെങ്കലവുമുൾപ്പെടെ 24 മെഡലുകളുമായി പട്ടികയിൽ എട്ടാമതാണ് കേരളം. 28 സ്വർണവുമായി കർണാടകയാണ് ദേശീയ ഗെയിംസിൽ ഒന്നാമത്. സർവീസസ് രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്.

************************************

## മോഹൻ ഭാഗവത്

പമ്പാ മണൽ പുറത്ത് നടക്കുന്ന 113-ാാംമത് ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ ഭാഗമായി ഇന്ന് നടന്ന ഹിന്ദു ഏകതാ സമ്മേളനം ആർ.എസ്.എസ് സർസംഘചാലക് മോഹൻ ഭാഗവത് ഉദ്ഘാടനം ചെയ്തു. കാലഘട്ടങ്ങൾക്ക് അനുസരിച്ച് ആചാരങ്ങളിൽ വ്യത്യസ്തതയുണ്ടാകുമെങ്കിലും സനാതനധർമ്മത്തിലൂന്നിയുള്ളതാണ് ഹിന്ദു മതമെന്ന് അദ്ദേഹം പറഞ്ഞു. ഹിന്ദു സമൂഹത്തിൻറെ ഐക്യം വളരെ അനിവാര്യമാണെന്നും, ലോകനന്മയ്ക്ക് ഇത് സഹായിക്കുമെന്നും ശ്രീ മോഹൻ ഭാഗവത് അഭിപ്രായപ്പെട്ടു. ഹിന്ദുമത പരിഷത്തിന്റെ ഭാഗമായി നാളെ വൈകിട്ട് നടക്കുന്ന പരിസ്ഥിതി – സാംസ്കാരിക സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

RNUTVPM

************************************

## കൊല്ലം - സിപിഎം -സിപിഐ ഭിന്നത

സിപിഎം- സിപിഐ ഭിന്നതയെ തുടർന്ന് കൊല്ലം കോർപറേഷൻ ഡെപ്യൂട്ടി മേയർ സ്ഥാനം സിപിഐ രാജിവച്ചു. കൊല്ലം മധുവാണ് ഡെപ്യൂട്ടി മേയർ സ്ഥാനം രാജിവച്ചത്. മുന്നണി ധാരണപ്രകാരം സിപിഎം മേയർ പ്രസന്ന ഏണസ്റ്റ് സ്ഥാനം ഒഴിയാത്തതാണ്

പ്രതിഷേധത്തിന് കാരണം. വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ സവിതാ ദേവി , പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ സജീവ് സോമൻ എന്നിവരും സ്ഥാനം രാജിവച്ചു. പത്താം തീയതി രാജിവെയ്ക്കാം എന്നാണ് മേയർ പ്രസന്ന ഏണസ്റ്റിന്റെ നിലപാട്.

************************************

## വി.ഡി.സതീശൻ

കിഫ്ബി സംസ്ഥാനത്തിന് ദുരന്തമായി മാറുമെന്നും, കിഫ്ബിയുടെ കടബാധ്യതകൾ സംസ്ഥാന സർക്കാർ തന്നെ തീർക്കേണ്ടി വരുമെന്നും പ്രതിപക്ഷം നൽകിയ മുന്നറിയിപ്പ് യാഥാർഥ്യമായെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ജനങ്ങളുടെ നികുതി പണം കൊണ്ട് നിർമിക്കുന്ന കിഫ്ബി റോഡുകളിൽ ടോൾ പിരിവ് നടത്താൻ സർക്കാർ തീരുമാനിക്കുന്നത്, ജനങ്ങളെ കൊള്ളയടിക്കുന്നതിന് തുല്യമാണെന്നും അദ്ദേഹം ആരോപിച്ചു. സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്ത് അനുമതി നൽകാനുള്ള സർക്കാരിൻറെ നീക്കത്തെയും പ്രതിപക്ഷനേതാവ് അതിരൂക്ഷമായി വിമർശിച്ചു.

RNU TVPM

************************************

## മലയോര സമര യാത്ര

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നയിക്കുന്ന യുഡിഎഫിൻറെ മലയോര സമര യാത്രക്ക് തിരുവനന്തപുരത്ത് സമാപനമായി. അമ്പൂരിയിൽ സംഘടിപ്പിച്ച സമാപന സമ്മേളനം എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപ ദാസ് മുൻഷി ഉദ്ഘാടനം ചെയ്തു.

************************************

## പത്തനംതിട്ട കേസ്

പത്തനംതിട്ടയിൽ വിവാഹ പാർട്ടിയിൽ പങ്കെടുത്ത് മടങ്ങിയ ദമ്പതികളടക്കമുള്ളവർക്ക് മർദ്ദനം നേരിട്ട സംഭവത്തിൽ സംസ്ഥാന പോലീസ് മേധാവി വിശദീകരണം തേടി. എസ് ഐ, അടക്കം നാല് പോലീസുകാർക്കെതിരെ കേസും രജിസ്റ്റർ ചെയ്തു. എസ് ഐ ജിനു വിനെ ജില്ലാ പോലീസ് ആസ്ഥാനത്തേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

*************************************

## കേരള സർവ്വകലാശാല - സംഘർഷം

കേരള സർവ്വകലാശാലാ ആസ്ഥാനത്ത് എസ് എഫ് ഐ പ്രവർത്തകരും പോലീസും തമ്മിൽ സംഘർഷം. പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. തിരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലാ യൂണിയനെ സത്യപ്രതിജ്ഞ ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് പ്രതിഷേധം സംഘടിപ്പിച്ചത്.

RNU TVPM

*************************************

## ഭാഗ്യക്കുറി

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൻറെ ക്രിസ്തുമസ് – നവവത്സര ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായ 20 കോടി രൂപ XD387132 നമ്പർ ടിക്കറ്റിന് ലഭിച്ചു. തിരുവനന്തപുരത്ത് ധനമന്ത്രി കെ എൻ ബാലഗോപാലാണ് നറുക്കെടുത്തത്. കണ്ണൂർ ജില്ലയിൽ വിറ്റ ടിക്കറ്റിനാണ് ബമ്പർ സമ്മാനം ലഭിച്ചത്. സമ്മർ ബമ്പർ ഭാഗ്യക്കുറിയും ധനമന്ത്രി ഇന്ന് പ്രകാശനം ചെയ്തു.

*************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രതാ പാലിക്കണം. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും, പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കരുതെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

*************************************

## കള്ളക്കടൽ പ്രതിഭാസം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്നും നാളെയും ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. തീരദേശവാസികളും മത്സ്യത്തൊഴികളും ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും ഈ സമയത്ത് കടലിലേക്ക് ഇറക്കുന്നത് ഒഴിവാക്കേണ്ടതാണ്.

RNUTVPM

*************************************

## പക്ഷിപ്പനി

പക്ഷിപ്പനി ബാധയെ തുടർന്ന് വളർത്തുപക്ഷികളെ നഷ്ടപ്പെട്ട കർഷർക്കുള്ള നഷ്ടപരിഹാരം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നാളെ ആലപ്പുഴയിൽ വിതരണം ചെയ്യും. 3 കോടി രൂപയാണ് ചടങ്ങിൽ വിതരണം ചെയ്യുക. ചുങ്കത്തുള്ള സംസ്ഥാന കയർ മെഷീനറി നിർമ്മാണ കമ്പനി ഹാളിൽ നടക്കുന്ന ചടങ്ങിന് എച്ച് സലാം എംഎൽഎ അധ്യക്ഷത വഹിക്കും.

************************************

## രാജ്യാന്തര ഊർജ്ജ മേള

എനർജി മാനേജ്മെൻറ് സെൻറർ സ്ഥാപക ദിനത്തോടനുബന്ധിച്ച് ഈ മാസം 7, 8, 9 തീയതികളിൽ തിരുവനന്തപുരത്ത് രാജ്യാന്തര ഊർജ്ജ മേള സംഘടിപ്പിക്കും. തൈക്കാട് പോലീസ് ഗ്രൗണ്ടിൽ നടക്കുന്ന മേളയിൽ ഗ്രീൻ എക്സ്പോ, സെമിനാറുകൾ, പാനൽ ചർച്ച എന്നിവ നടക്കും.

************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 313 പോയിൻറ് താഴ്ന്ന് 78,271 ലും നിഫ്റ്റി 43 പോയിൻറ് കുറഞ്ഞ് 23,696 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില വീണ്ടും വർദ്ധിച്ചു. പവന് 760 രൂപ കൂടി 63,240 രൂപയും ഗ്രാമിന് 95 രൂപ ഉയർന്ന് 7,905 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

****************************************************

************************************

**********************